**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2981** **10-03-2025 - ൽ മറുപടിയ്ക്ക്**

**രാമപുരം കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ മലങ്കര ഡാമിനെ സ്രോതസ് ആക്കിയുള്ള രാമപുരം കുടിവെള്ള പദ്ധതി, ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൂഞ്ഞാർ, പാലാ നിയോജക മണ്ഡലങ്ങളിലെ 13 പഞ്ചായത്തുകളിലെ എല്ലാ ഭവനങ്ങളിലേക്കും കുടിവെള്ളം എത്തിക്കുന്നതിന് 1243 കോടി രൂപ എസ്റ്റിമേറ്റിൽ വിഭാവനം ചെയ്തു നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് മീനച്ചിൽ-മലങ്കര കുടിവെള്ള പദ്ധതി. പാലാ നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി 24525 വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ഈ പദ്ധതി വഴി നല്കാൻ കഴിയും. 2023 ഒക്ടോബർ 21 ന ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ഇടുക്കി ജില്ലയിൽ സ്ഥിതി ചെയ്യുന്ന മലങ്കര ഡാമിൽ ഫ്ലോട്ടിങ് പമ്പ് ഹൗസ് സ്ഥാപിച്ച മുട്ടം വില്ലേജിലെ വള്ളിപ്പാറക്ക സമീപം ബൂസ്റ്റിങ് സ്റ്റേഷൻ സ്ഥാപിച്ച ഒരു ഘട്ടം കൂടി ബൂസ്റ്റ് ചെയ്ത കടനാട് പഞ്ചായത്തിലെ നീലൂരിൽ സ്ഥാപിക്കുന്ന 45 ദശലക്ഷം പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണ ശാലയിൽ എത്തിച്ച ശുദ്ധീകരിച്ച ടി പഞ്ചായത്തിൽ ഉൾപ്പെടെ 13 പഞ്ചായത്തുകളിലേക്ക ശുദ്ധജലം എത്തിക്കുന്നതിലേക്കാണ് വിഭാവനം ചെയ്തിട്ടുള്ളത്. കടനാട്, രാമപുരം, ഭരണങ്ങാനം, മൂന്നിലവ്, തലനാട് എന്നീ പഞ്ചായത്തുകളിലെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ മേലുകാവ്, മീനച്ചിൽ എന്നീ പഞ്ചായത്തുകളിലെ പദ്ധതിക്കുള്ള എഗ്രിമെന്റ് വച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ പ്രധാന ഘടകങ്ങൾ എല്ലാം തന്നെ ഒരേസമയം പ്രവൃത്തികൾ ക്രമീകരിച്ച് പൂർത്തീകരിക്കുന്നതിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. പാലാ നിയോജക മണ്ഡലത്തിൽ നടന്നു വരുന്ന ജൽ ജീവൻ മിഷൻ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | പഞ്ചായത്ത് | പദ്ധതിയുടെ പുരോഗതി |
|---|---|---|
| 1 | പാക്കേജ് 1 &2 (പൊതു ഘടകങ്ങൾ) | 15 ശതമാനം പ്രവർത്തി പൂർത്തീകരിച്ചു. പാക്കേജ് 1 -1.43 കിലോമീറ്റർ പൈപ്പ് (1000mm DI)സപ്ലൈ ചെയ്തു. 828 മീറ്റർ പൈപ്പ് സ്ഥാപിച്ചു. ഫ്ലോട്ടിംഗ് പമ്പ് ഹൗസ് ,ബൂസ്റ്റർ പമ്പ് ഹൗസ് ഇവയുടെ ഡിസൈനുകൾ അംഗീകാരം ലഭിച്ചു. 2 ശുദ്ധീകരണശാലയിലെ മണ്ണ് മാറ്റുന്ന പ്രവർത്തികൾ പൂർത്തീകരിച്ചു. റിസർവോയർ - ഫ്ലോർ സ്ലാബ് കാസ്റ്റിംഗ് പൂർത്തീകരിച്ചു. ക്ലാരിഫയർ 1 -ഫൗണ്ടേഷൻ പൂർത്തീകരിച്ചു .700 എംഎം DI ഗ്രാവിറ്റി മെയിൻ 6.00 കിലോമീറ്റർ സപ്ലൈ ചെയ്തു, 2.76 കിലോമീറ്റർ സ്ഥാപിച്ചു |
| 2 | കടനാട് | 22% പ്രവർത്തി പൂർത്തീകരിച്ചു. വിതരണ ശൃംഖലയ്ക്കായുള്ള 134.859 കിലോമീറ്റർ പൈപ്പ് സപ്ലൈ ചെയ്തു. 48.99 കിലോമീറ്റർ സ്ഥാപിച്ചു. റോഡ് പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചു. |
| 3 | രാമപുരം | 35% പ്രവർത്തി പൂർത്തീകരിച്ചു. വിതരണശൃംഖലയ്ക്കായുള്ള 191.08 കിലോമീറ്റർ പൈപ്പ് സപ്ലൈ ചെയ്തു. 136.474 കിലോമീറ്റർ സ്ഥാപിച്ചു. റോഡ് പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചു. ജലസംഭരണികളുടെ പ്രവർത്തികൾ ആരംഭിച്ചു. |
| 4 | ഭരണങ്ങാനം | 18% പ്രവർത്തി പൂർത്തീകരിച്ചു .മൂന്നെണ്ണം സർവീസ് റിസർവയർ ഡിസൈൻ ഡ്രോയിങ് അംഗീകാരം ലഭിച്ചു. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ 63.4 കിലോമീറ്റർ പൈപ്പ് വിതരണം ചെയ്തു. 31.774 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു. കയ്യൂർ ടാങ്കിന്റെ പണികൾ ആരംഭിച്ചു. റോഡ് പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചു. |
| 5 | മേലുകാവ് | വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്. |
| 6 | മൂന്നിലവ് | പ്രവർത്തി ആരംഭിച്ചു. |
| 7 | തലനാട് | 17 ശതമാനം പ്രവർത്തി പൂർത്തീകരിച്ചു. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ 12.5 കിലോമീറ്റർ പൈപ്പ് വിതരണം ചെയ്തു. 11 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു. |
| 8 | മീനച്ചിൽ | വർക്ക് ഓർഡർ നൽകി കരാർ വയ്ക്കേണ്ടതുണ്ട്. |
| 9 | തലപ്പലം | 40 ശതമാനം പ്രവർത്തി പൂർത്തീകരിച്ചു. ഡിസ്ട്രിബ്യൂഷൻ പൈപ്പ് ലൈൻ 20.79 കിലോമീറ്റർ പൈപ്പ് സപ്ലൈ ചെയ്തു, 7.955 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചു. പേരുപാറ ടാങ്കിന്റെ പ്രവർത്തികൾ 40% പൂർത്തീകരിച്ചു. |